بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 30.12.2022

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.***

## ഹദ്റത്ത് ഹംസ(റ)ന്റെ ഗുണവിശേഷങ്ങൾ

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطَانِ الرَّجِيۡمِ ۝ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ۝
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ۝ اَلرَّحۡمٰنِ الرَّحِيۡمِ ۝ مٰلِکِ يَوۡمِ الدِّيۡنِ ۝ اِيَّاکَ
نَعۡبُدُ وَاِيَّاکَ نَسۡتَعِيۡنُ ۝ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۝ صِرَاطَ الَّذِيۡنَ اَنۡعَمۡتَ
عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ۝

ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ അനുസ്മരണത്തിന്റെ അവസാനത്തിൽ, ബദ്രി സ്വഹാബികളുടെ പരാമർശം അവസാനിച്ചുവെന്നും എന്നാൽ നേരത്തെ പറഞ്ഞ ചില സ്വഹാബികളുമായി ബന്ധപ്പെട്ട ഏതാനും കാര്യങ്ങൾ ലഭിച്ചിട്ടുള്ളത് പിന്നീട് ഞാൻ വിശദീകരിക്കുകയോ അല്ലെങ്കിൽ പ്രസിദ്ധീകരിക്കുമ്പോൾ ഈ കാര്യങ്ങൾ അതിൽ ഉൾപ്പെടുത്തുന്നതോ ആയിരിക്കുമെന്നു ഞാൻ പറഞ്ഞിരുന്നു. ഈ ചരിത്രം ശ്രവിച്ചതുകൊണ്ട് നമുക്ക് ഒരു പാട് പ്രയോജനം ഉണ്ടായി എന്ന് ചിലർ എഴുതുന്നതുകൊണ്ട് ഈ ഭാഗം കൂടി ഖുത്ബകളിൽ പരാമർശിക്കുന്നത് ഉചിതമാണെന്ന് തോന്നി.

ഇതിൽ ആദ്യം പരാമർശിക്കുന്നത് ഹദ്റത്ത് ഹംസ(റ)നെക്കുറിച്ചാണ്. തിരുനബി(സ)യുടെ പിതൃസഹോദരനായിരുന്ന അദ്ദേഹം തിരുനബി(സ)ന് ഏറെ പ്രിയങ്കരനായിരുന്നു. ഹംസ എന്ന പേര് തിരുനബി(സ) ഏറെ ഇഷ്ടപ്പെട്ടിരുന്നു.

ഹദ്റത്ത് ഹംസ(റ)ന്റെ ഭാര്യാമക്കളെക്കുറിച്ച് ഹ്രസ്വമായി പരാമർശിച്ച ശേഷം, ഹസൂർ തിരുമനസ്സ് പറഞ്ഞു: ഹദ്റത്ത് ഹംസ ഇസ്‌ലാം സ്വീകരിച്ചതിനെക്കുറിച്ചുള്ള നിവേദനത്തിൽ വരുന്നു, (തിരുനബിയുടെ കാര്യങ്ങൾ തന്റെ ഭൃത്യൻ വന്നു പറഞ്ഞപ്പോൾ) അദ്ദേഹം കോപത്തോടെ അതെ, ഞാൻ മുഹമ്മദിന്റെ മതത്തെ സ്വീകരിച്ചിരിക്കുന്നു എന്ന് പറഞ്ഞു. എന്റെ പൂർവ്വികരുടെ മതം ഞാൻ നിരസിച്ചതിൽ പിന്നീട് ഞാൻ വേദിക്കുകയുണ്ടായി. രാത്രി മുഴുവൻ എനിക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. അപ്പോൾ ഞാൻ കഅ്ബയിൽ വന്ന് അല്ലാഹുവിന്റെ മുമ്പിൽ കരഞ്ഞുകൊണ്ട് പറഞ്ഞു: അല്ലാഹുവേ! സത്യത്തിലേക്ക് എന്റെ നെഞ്ച് തുറക്കുകയും സംശയങ്ങൾ നീക്കുകയും ചെയ്യേണമേ. ഞാൻ ദുആ പൂർത്തിയാക്കുന്നതിനു മുമ്പായി അസത്യം എന്നിൽ നിന്ന് അകലുകയുണ്ടായി. ഞാൻ തിരുനബി(സ)യുടെ സമക്ഷത്തിൽ വന്ന് എന്റെ അവസ്ഥയെക്കുറിച്ച് പറഞ്ഞപ്പോൾ തിരുനബി(സ) എന്റെ സ്ഥിരചിത്തതക്കായി പ്രാർത്ഥിച്ചു. ഒരു നിവേദനമനുസരിച്ച്, ഹദ്റത്ത് ഹംസ തിരുനബി(സ)യോട് ജിബ്‌രീലിനെ യഥാർത്ഥ രൂപത്തിൽ കാണിക്കാൻ അഭ്യർത്ഥിച്ചപ്പോൾ നബി(സ) പറഞ്ഞു: നിനക്ക് അവരെ കാണാനുള്ള ശക്തിയില്ല. അദ്ദേഹം നിർബന്ധിച്ചപ്പോൾ തന്റെ സ്ഥാനത്ത് ഇരിക്കാനായി പറഞ്ഞു. അപ്പോൾ ത്വവാഫ് വേളയിൽ ബഹുദൈവാരാധകർ വസ്ത്രം അഴിച്ചുവെക്കുന്ന കഅ്ബയുടെ തടിയിൽ ജിബ്‌രീൽ ഇറങ്ങി വന്നു. നബി(സ) മുകളിലേക്ക് നോക്കാൻ പറഞ്ഞു. ശിരസ്സുയർത്തി അദ്ദേഹം നോക്കിയപ്പോൾ മരതകത്തോട് സാമ്യമുള്ള കല്ലുപോലെ ജിബ്‌രീലിന്റെ രണ്ട് കാലുകളും കണ്ടു. തുടർന്ന് ഹദ്റത്ത് ഹംസ മോഹാലസ്യപ്പെട്ടു വീണു.

ഹിജ്റ 2 ന് സഫർ മാസം പ്രവാചകൻ(സ) മുഹാജിരീങ്ങളുടെ ഒരു സംഘവുമായി വദ്ദാൻ യുദ്ധത്തിനായി പുറപ്പെട്ടപ്പോൾ, ഇസ്‌ലാമിന്റെ പതാക ഹദ്റത്ത് ഹംസയുടെ കൈകളിലായിരുന്നു. ഇതേ വർഷം ജമാദുൽ അവ്വൽ മാസം മക്കയിലെ ഖുറൈശികളുടെ നീക്കത്തെക്കുറിച്ച് അറിഞ്ഞ നബി(സ) ഏകദേശം 150 – 200 മുഹാജിരീങ്ങളുമായി യുദ്ധത്തിന് പുറപ്പെട്ടപ്പോഴും ഇസ്‌ലാമിന്റെ പതാക ഹദ്റത്ത് ഹംസയുടെ കൈകളിലായിരുന്നു.

ബദർ യുദ്ധവേളയിൽ ഖുറൈശികളിൽനിന്ന് ഉത്ബ അയാളുടെ സഹോദരനായ ശൈബയെയും മകനായ വലീദിനെയും കൂട്ടി സൈന്യത്തിന്റെ മുന്നിൽ കടന്ന് അറബികളുടെ പരമ്പരാഗത രീതിയനുസരിച്ച് ദ്വന്ദയുദ്ധത്തിന് വെല്ലുവിളിച്ചു. അൻസാറുകൾ അവരെ നേരിടാനായി മുന്നോട്ടുവന്നെങ്കിലും തിരുനബി(സ) അവരെ തടഞ്ഞുകൊണ്ട് ഹംസയോടും അലിയോടും ഉബൈദ ബിൻ മുത്തലിബിനോടും മുന്നോട്ട് ഗമിക്കാൻ നിർദേശം നൽകി. ഈ മൂന്നുപേരും നബിതിരുമേനി(സ)യുടെ അടുത്ത ബന്ധുക്കളായിരുന്നു.

അപടം നിറഞ്ഞ സ്ഥലത്ത് ഏറ്റവും ആദ്യം തന്റെ ബന്ധുക്കൾ മുന്നോട്ടു വരണമെന്ന് അവിടുന്ന് ആഗ്രഹിച്ചിരുന്നു. ഉബൈദ ബിൻ മുത്തലിബ് വലീദിനെ നേരിട്ടു. ഹംസ ഉത്ബയോടും അലി ശൈബയോടും മല്ലിട്ടു. ഹംസയും അലിയും ഒന്നു രണ്ടു വെട്ടിനുള്ളിൽ തന്നെ തങ്ങളുടെ എതിരാളികളെ വകവരുത്തി. എന്നാൽ ഉബൈദയും വലീദും തമ്മിലുള്ള പോര് അല്പനേരം നീണ്ടുനിന്നു. ഒടുവിൽ രണ്ടുപേരും കനത്ത മുറിവേറ്റുകൊണ്ട് വീണതോടെ ഹംസയും അലിയും മുന്നോട്ടു വന്ന് വലീദിന്റെ കഥകഴിക്കുകയും ഉബൈദയെ എടുത്ത് കൂടാരത്തിലേക്ക് കൊണ്ടുവരികയും ചെയ്തു. പക്ഷേ ആ മുറിവിൽനിന്ന് ഉബൈദയ്ക്ക് രക്ഷപ്പെടാനായില്ല. ബദറിൽനിന്ന് തിരിച്ചു പോകുംവഴി അദ്ദേഹം വഫാത്തായി.

മദ്യം നിഷിദ്ധമാക്കുന്നതിനു മുമ്പ് മദ്യലഹരിയിൽ ഹദ്റത്ത് ഹംസ(റ) ഒരിക്കൽ അലി(റ)ന്റെ പെണ്ണൊട്ടകത്തെ അതിദാരുണമായ രീതിയിൽ വധിക്കുകയുണ്ടായി. ഹദ്റത്ത് അലി(റ)ന് ഇത് അറിഞ്ഞ് വളരെ വിഷമമായി. അങ്ങനെ അദ്ദേഹം തിരുനബി(സ)യുടെ സന്നിധിയിൽ ഹാജറായി ഈ സംഭവം അറിയിച്ചപ്പോൾ തിരുനബി(സ) അവിടെക്ക് വന്നു. ഹംസ അപ്പോഴും മത്തുപിടിച്ച അവസ്ഥയിലായിരുന്നു. തിരുനബി(സ) തന്റെ നീരസം അറിയിച്ചു; എന്നിട്ടു പറഞ്ഞു: നിങ്ങളെല്ലാം എന്റെ പൂർവപിതാക്കളുടെ അടിമകളാണ്. തിരുനബി(സ) തിരിച്ചു നടന്നു. (പിന്നീട്) മദ്യം നിഷിദ്ധമാക്കിയതോടെ സ്വഹാബികൾ അതിനെ പിന്നെ സമീപിച്ചിട്ടില്ല. ദൈവകല്പനകൾ പാലിക്കുന്നതിന്റെ ഈ നിലവാരമാണ് സ്വഹാബാക്കൾ കാണിച്ചത്.

ബനൂ ഖൈൻഖാഅ് യുദ്ധത്തിലും ഹദ്റത്ത് ഹംസ മുൻപന്തിയിലുണ്ടായിരുന്നു. ഈ യുദ്ധത്തിലും ഹംസയാണ് നബി(സ)യുടെ പതാക ഉയർത്തിയത്. മദീനയിൽ തിരുനബി(സ) ഏർപ്പെട്ട സമാധാന ഉടമ്പടിയെ ആദ്യമായി ലംഘിച്ച ജൂതഗോത്രമായിരുന്നു ബനൂ ഖൈൻഖാഅ്. ബദർ യുദ്ധത്തിന് ശേഷം യഹൂദികൾ തുറന്ന നിലയിൽ അക്രമം ആരംഭിച്ചിരുന്നു. അഹങ്കരിക്കുകയും അസൂയയും വെറുപ്പും വെച്ച് പുലർത്തുകയും വാഗ്ദാന ലംഘനവും നടത്തി. ഒരിക്കൽ ഒരു മുസ്‌ലിം സ്ത്രീ യഹൂദിയുടെ കടയിൽ സാധനം വാങ്ങുന്നതിനായി വന്നു. ആ സമയത്ത് കടയിൽ ഉണ്ടായിരുന്ന അക്രമകാരികളായ യഹൂദികൾ ആ സ്ത്രീയെ ശല്യപ്പെടുത്തി. അതിൽ ആ കടക്കാരനും പങ്കു ചേർന്നുകൊണ്ട് സ്ത്രീയുടെ അരക്കെട്ടിലെ വസ്ത്രത്തിന്റെ അഗ്രഭാഗത്ത് മുള്ള് ഉപയോഗിച്ച് കൊണ്ട് അത് പുറകിലെ വസ്ത്രത്തിൽ കാണാതെ തൂക്കിയിട്ടു. ആ സ്ത്രീ അവിടെ നിന്നും തിരിച്ച് പോരാൻ ശ്രമിക്കവെ വിവസ്ത്രയായി. ഈ കഴ്ച്ച കണ്ട് അവർ ഉറക്കെ ചിരിക്കുകയുണ്ടായി. മുസ്‌ലിം സ്ത്രീ ലജ്ജ കാരണം സഹായത്തിനായി ഉച്ചത്തിൽ വിളിച്ചു. അവിചാരിതമായി ആ സമയത്ത് അടുത്ത് ഉണ്ടായിരുന്ന ഒരു മുസ്‌ലിം വന്നു പോരാടുകയും കടക്കാരൻ കൊല്ലപ്പെടുകയുമുണ്ടായി. ഇക്കാരണത്താൽ നാലു ഭാഗത്തുനിന്നും മുസ്‌ലിമിനുമേൽ വാൾപ്രയോഗമുണ്ടായി; തുടർന്ന് അയാൾ മരണത്തിന് കീഴടങ്ങി. ഈ സംഭവം കലാപാന്തരീക്ഷം സൃഷ്ടിച്ചു. റസൂൽ കരീം(സ)ന് ഈ വാർത്ത ലഭിച്ചപ്പോൾ ബനൂഖൈൻഖാഇലെ പ്രധാനികളെ ഒരുമിച്ച് കൂട്ടികൊണ്ട് പറഞ്ഞു: നിങ്ങളുടെ ഈ സമീപനം ശരിയായതല്ല. ഇത്തരം അതിക്രമങ്ങളിൽ നിന്ന് വിട്ട് നിൽക്കുകയും അല്ലാഹുവിനെ ഭയക്കുകയും ചെയ്യുക. എന്നാൽ അവർ ഈ സംഭവത്തിൽ ഖേദിക്കുന്നതിന് പകരമായി അഹങ്കാരത്തോടെ ഭീഷണി മുഴക്കികൊണ്ട് പറഞ്ഞു: നിങ്ങൾ ബദറിന്റെ വിജയത്തിൽ അഹങ്കാരം നടിക്കേണ്ട; ഞങ്ങളുമായി നേരിടുന്ന അവസരത്തിൽ മനസ്സിലാവും എതിരാളികൾ എങ്ങനെ ആയിരിക്കും എന്ന്. ദരിദ്രരായ ഒരു കൂട്ടം സ്വഹാബാക്കളുമായി ബനൂ ഖൈൻഖാഇന്റെ കോട്ടയിലേക്ക് നീങ്ങി. ബനൂ ഖൈൻഖാഉം നേരിടാനായി ഒരുങ്ങി. ബനൂഖൈൻഖാഅ് കോട്ട വാതിലുകൾ അടച്ച് അതിനുള്ളിൽ ഇരുന്നു, റസൂൽ കരീം(സ) പന്ത്രണ്ട് ദിവസത്തോളം അവരുടെ കോട്ട ഉപരോധിച്ചു. അവസാനം ബനൂ ഖൈൻഖാഇന്റെ അഹങ്കാരം അവസാനിക്കുകയും തങ്ങളുടെ സ്വത്തുക്കൾ മുസ്‌ലിംകൾക്കായിരിക്കുമെന്നും എന്നാൽ തങ്ങളുടെ ജീവനിലും ബന്ധുക്കളിലും യാതൊരു അവകാശവുമുണ്ടായിരിക്കുകയില്ലെന്നുമുള്ള വ്യവസ്ഥയിൽ അവർ കോട്ടയുടെ കവാടങ്ങൾ തുറന്നു. നബി(സ) ഈ വ്യവസ്ഥ അംഗീകരിച്ചു. മൂസായുടെ നിയമമനുസരിച്ച്, ഇവരെല്ലാം വധാർഹരായിരുന്നു. എന്നാൽ ഒന്നാമതായി, ഇത് ഇവരുടെ ആദ്യ അപരാധമായിരുന്നു. രണ്ടാമതായി, പ്രവാചകൻ(സ)യുടെ കാരുണ്യസ്വഭാവത്താൽ അവസാന ആശ്രയമായ കഠിന ശിക്ഷയെ ആദ്യം തന്നെ സ്വീകരിക്കാതെ അവരോട് ഔദാര്യപൂർവം പെരുമാറുകയുണ്ടായി. എന്നിരുന്നാലും, ഈ ഗോത്രത്തിന്റെ മദീനയിലെ താമസം ഒട്ടും അഭികാമ്യമായിരുന്നില്ല. അതിനാൽ അവിടുന്ന് ബനൂ ഖൈൻഖാഇനോട് മദീന വിടാൻ കൽപ്പിച്ചു. ഇത് അവരുടെ കുറ്റകൃത്യവുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ മൃദുവായ തീരുമാനമായിരുന്നു.

അതിൽ സ്വയം പ്രതിരോധത്തിന്റെ ഒരു വശം കൂടി ഉണ്ടായിരുന്നു. വളരെ സംതൃപ്തിയോടെയാണ് ബനൂഖൈൻഖാഅ് സിറിയയിലേക്ക് പോയത്.

ഹദ്റത്ത് ഹംസ ഉഹ്ദ് യുദ്ധത്തിലാണ് ശഹീദായത്. ഇതിനെ പറ്റിയുള്ള വിവരം നേരത്തെ തന്നെ തിരുനബി(സ)നു ദിവ്യദർശനം മുഖേന ലഭിച്ചിരുന്നു. (അവിടുന്ന് പറയുന്നു:) ഞാൻ ഒരു കാട്ടാടിനെ പിന്തുടരുന്നതും അതിനെ കൊല്ലുന്നതും എന്റെ വാളിന്റെ മുന പൊട്ടിയതും (സ്വപ്നത്തിൽ) കണ്ടു. കാട്ടാടിനെ പിന്തുടരുന്നതിന് തിരുനബി(സ) വ്യാഖ്യാനം നൽകിയത്, ശത്രുസൈന്യാധിപനെ വധിക്കുക എന്നതും വാളിന്റെ മുന ഒടിയുന്നതിനെ തന്റെ കുടുംബത്തിലെ അടുത്ത ബന്ധു ശഹീദാകുമെന്നുമാണ്. ഈ യുദ്ധത്തിൽ ഹംസ ശഹീദാകുകയുണ്ടായി. പിന്നീട് തിരുനബി(സ) മുശ്രിക്കുകളുടെ മുന്നണി പോരാളിയായിരുന്ന ത്വൽഹയെ വധിക്കുകയും ചെയ്തു.

ഹദ്റത്ത് ഹംസയുടെ ശഹാദത്തിനുശേഷം മുസ്‌ല ചെയ്തുകൊണ്ട് രൂപം വികൃതമാക്കിയിരുന്നു. മൂക്കും ചെവിയും വെട്ടിമുറിച്ചിരുന്നു. അദ്ദേഹത്തിന്റെ വയറ് കത്തികൊണ്ട് കീറിയിരുന്നു, അദ്ദേഹത്തിന്റെ അവസ്ഥ കണ്ടപ്പോൾ നബി(സ) വളരെ ദുഃഖിതനായി; പറഞ്ഞു: അല്ലാഹു എനിക്ക് ഖുറൈശികളുടെമേൽ വിജയം നൽകുകയാണെങ്കിൽ, ഞാൻ അവരുടെ 30 പേരുടെ മറ്റൊരു നിവേദനത്തിൽ സത്യം ചെയ്തുകൊണ്ട് പറഞ്ഞത്, അവരുടെ 70 പേരെ മുസ്‌ല ചെയ്യുന്നതായിരിക്കും. അതിൽ ഈ വചനം അവതരിച്ചു. നിങ്ങൾ ശിക്ഷിക്കുകയാണെങ്കിൽ, നിങ്ങളോട് അതിക്രമം കാണിച്ച അത്ര മാത്രം തന്നെ ശിക്ഷിക്കുക; നിങ്ങൾ ക്ഷമിക്കുകയാണെങ്കിൽ, തീർച്ചയായും അത് ക്ഷമാശീലർക്ക് ഉത്തമമാണ്. അതിൽ പിന്നെ അല്ലാഹുവിന്റെ റസൂൽ(സ) പറഞ്ഞു: ക്ഷമയോടെ കാത്തിരിക്കാം, തന്റെ പ്രതിജ്ഞയുടെ പ്രായശ്ചിത്തം നൽകുകയും ചെയ്തു.

ഖലീഫത്തുൽ മസീഹ് നാലാമനെ ഉദ്ധരിച്ചുകൊണ്ട് ഹുസൂർ തിരുമനസ്സ് ഹദ്റത്ത് ഹംസയുടെ ശഹാദത്തിൽ സ്ത്രീകളെ വിലപിക്കുന്നതിൽ നിന്ന് തടയുന്ന സംഭവം പരാമർശിച്ചു. അൻസാർ സ്ത്രീകൾ തിരുനബിയുടെ അടുത്ത് ഒത്തുകൂടി വിലപിച്ചു. അവരുടെ വിലാപത്തിന് തിരുനബി നന്ദി പറഞ്ഞു, എന്നാൽ അതേ സമയം മരിച്ചവരോട് വിലപിക്കുന്നത് അനുവദനീയമല്ലെന്ന് പറയുകയും ചെയ്തു.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് പറഞ്ഞു: ഇൻശാ അല്ലാഹ് മറ്റന്നാൾ പുതുവർഷം ആരംഭിക്കുകയാണ്, സർവ്വശക്തനായ അല്ലാഹു പുതിയ വർഷത്തിൽ അവന്റെ അനുഗ്രഹങ്ങൾ നൽകി നമ്മെ അനുഗ്രഹിക്കട്ടെ. അത് ജമാഅത്തിന് എല്ലാ വിധത്തിലും അനുഗ്രഹമാകട്ടെ. സർവ്വശക്തനായ അല്ലാഹു ശത്രുവിന്റെ എല്ലാ പദ്ധതികളും തകർത്ത്, ലോകത്ത് വ്യാപിച്ചു കിടക്കുന്ന ജമാഅത്തിന് അവരുടെ ജീവിത ലക്ഷ്യം മുമ്പത്തേക്കാൾ കൂടുതൽ നിറവേറ്റാൻ അവസരം നൽകട്ടെ. അതുപോലെ, പൊതുവെ ലോകത്തിന് വേണ്ടി പ്രാർത്ഥിക്കുക; ലോകത്തിനായുള്ള യുദ്ധങ്ങളിൽ നിന്ന് അല്ലാഹു അവരെ രക്ഷിക്കട്ടെ. സ്ഥിതി കൂടുതൽ കൂടുതൽ അപകടകരമാവുകയും ദുരന്തം വായ തുറന്നിരിക്കുകയുമാണ്, ഒന്നും അറിയില്ല, എല്ലാവർക്കും അവരവരുടെ താൽപ്പര്യങ്ങൾ നടക്കണം. അല്ലാഹു കരുണ കാണിക്കട്ടെ, നമ്മുടെ അടിച്ചമർത്തപ്പെട്ട സഹോദരങ്ങൾക്കായി പ്രാർത്ഥിക്കുകയും ചെയ്യുക, വരും വർഷത്തിൽ എല്ലാ തരത്തിലുള്ള അടിച്ചമർത്തലിൽ നിന്നും അല്ലാഹു അഹ്മദിയാ ജമാഅത്തിനെ സംരക്ഷിക്കട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُوْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوْا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Masjid Mubarack U.K. – on 30.12.2022

Malayalam Translation & Layout: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516